

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

# PROFILE 2025-2026

Name of School :- G.L.P.S. Puthenpeedika

Email id :- glps puthanpeedika@gmail.com

PH:NO :- 04872730827

Name of Revenue Village :- Anthikkad

Name of cluster :- GLPS puthanpeedika

Name of Panchayath :- Anthikad

Name of Block :- Anthikad

Name of BRC :- Anthikkad

Name of district :- Thrissur

Name of Subdistrict :- Thrissur East.

Medium of Instruction :- Malayalam and English.

Name of HM :- Remagopinath.

# ആമുഖം

തൃശൂർ ജില്ലയിൽ അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ 8-10 വാർഡിലാണ് പുത്തൻപീടിക ഗവ. എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ അതിർത്തി പ്രദേശങ്ങളാണ് ഈ വിദ്യാലയത്തിന്റെ ഫീഡിംഗ് ഏരിയ

പുത്തൻപീടിക സെന്റ് ആന്റണീസ് പള്ളിയുടെ കീഴിൽ 1900-ൽ തുടങ്ങിയ എയ്ഡഡ് പ്രൈമറി വിദ്യാലയമാണ് ഇന്നത്തെ ഗവ. എൽ. പി. സ്കൂൾ പുത്തൻപീടിക. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം വിദ്യാലയങ്ങൾ ആയിരുന്നു. പിന്നീട് 2 സ്കൂളുകളും ഒന്നിച്ചു ചേർത്ത് 1964ൽ ഗവ ലോവർ പ്രൈമറി സ്കൂൾ ആയി. 1962ൽ ഗവൺമെന്റ് സ്കൂളിന് സ്വന്തം കെട്ടിടം നിർമ്മിക്കാൻ ഉത്തരവായി അതനുസരിച്ച് 1967ൽ സ്ഥാപിതമായതാണ് ഇന്നു കാണുന്ന വിദ്യാലയം.

തൃശൂർ വെസ്റ്റ് ഉപജില്ലയിൽ 'ബെസ്റ്റ് സ്കൂൾ' ഒരുപാട് തവണ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. തൃശൂർ ജില്ലയിലെ മികച്ച വിദ്യാലയമായി ജില്ലാ പി.ടി.എ തെരഞ്ഞെടുത്തിട്ടുണ്ട് ഈ വിദ്യാലയം. പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെ വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. P.T.A, M.P.T.A, S.M.C, OS.A അധ്യാപകർ എന്നിവർ ചേർന്നുള്ള ഒത്തൊരുമിച്ചുള്ള പ്രവർത്തനം നാടിന് അഭിമാനമായി നിലകൊള്ളുന്നതിന് ഈ വിദ്യാലയത്തെ സഹായിക്കുന്നു. കലാപരിപാടികളിലും കായിക മത്സരങ്ങളിലും ശാസ്ത്ര ഗണിത ശാസ്ത്ര, പ്രവൃത്തി പരിചയ മേളകളിലും ഈ വിദ്യാലയം ഇന്നും മികച്ച നിലവാരം പുലർത്തി വരുന്നു. കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

# SCHOOL STRENGTH:- 2025-2026

| CLASS | BOYS | GIRLS | TOTAL |
|---|---|---|---|
| L.K.G | 20 | 19 | 39 |
| U.K.G | 19 | 24 | 43 |
| I | 20 | 23 | 43 |
| II | 19 | 20 | 39 |
| III | 22 | 26 | 48 |
| IV | 22 | 27 | 49 |
| | 122 | 139 | 261 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# STD I

# ആമുഖം

ജി.എൽ.പി.എസ് പുത്തൻപീടിക സ്കൂളിലെ ഒന്നാം ക്ലാസ് കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയ കൈപ്പുസ്തകം ആണ് ഇത്. ഒന്നാം ക്ലാസിലേക്ക് കടന്നു വന്ന കുരുന്നുകൾ കുട്ടികളുടെ ഭാഷയിൽ ഉചിതമായ സാഹചര്യങ്ങളിൽ വായിച്ച് ആശയം പറയാനും എഴുതാനും കഴിവുള്ളവരാക്കുക എന്നതാണ് മുന്നോട്ട് വെക്കുന്ന ലക്ഷ്യങ്ങൾ. ഈ രീതിയിൽ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളിലും പൊതുവായ മികവ് ഉണ്ടാക്കുന്നതിനു വേണ്ടിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

വിഷയം : മലയാളം – [illegible]

ഉദ്ദേശ്യങ്ങൾ – വായന

ഒന്നാം ക്ലാസിലെ പഠിതാക്കളായ കുട്ടികളെയും പാഠ്യഭാഗം വായനയിലേക്കു ബോധ്യപ്പെടുത്തുക.
പഠിതാക്കളായ കുട്ടികൾക്കും ഉചിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പഠിക്കാൻ കഴിയുന്നു.

[illegible]

വായനാകാർഡ് നിർമാണം

പ്രവർത്തനങ്ങൾ

ചിത്രവായന

വായനമൂല ഒരുക്കൽ

പദവായന

വായനാകാർഡ് തയ്യാറാക്കൽ

ലേഖനം

ചിത്രങ്ങൾ നോക്കി പേര് എഴുതൽ

സചിത്ര ബുക്ക് , സംയുക്ത ഡയറി

ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തൽ , എഴുതൽ

പദങ്ങൾ കണ്ടെത്തൽ എഴുതൽ

ഡയറി എഴുതൽ

വരികൾ കൂട്ടിച്ചേർക്കൽ

Subject : English

Sub objectives.

All learners get interested in English learning

All engage in games and group level activities.

Listen to narratives and teacher talks and show signs of understanding verbally

Able to comprehend the instructions of the teachers and respond accordingly (Physical responses)

Familiarise with English words denoting vehicles, animals and birds.

All learners are able to associate the elicited text with those in the T.B.

Familiarise with communication expressions such as "Thankyou, I'm Sorry, Hello".

Familiarise with words denoting colours and numbers.

" rhythm and pattern of songs.

Able to add own lines to given song by substituting words.

വിഷയം : ഗണിതം

ജൂൺ - മാർച്ച്

ലക്ഷ്യങ്ങൾ

1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.

5 വരെയുള്ള എണ്ണത്തെ ആകൃതി, നീളം, കൂടുതൽ, കുറവ് എന്നിവയെ വിശദീകരിക്കുന്നു.

1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യാവ്യാഖ്യാനം തുടങ്ങിയ പഠനങ്ങൾ ലക്ഷ്യംവെച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾക്കു മുൻതൂക്കം

* സംഖ്യാബോധം. പ്രവർത്തനം

* സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം
സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.
സംഖ്യാകാർഡ് നിർമ്മിക്കൽ.

ഗണിത കിറ്റ് * ഗണിത പഠനത്തിന് സഹായകമായ രീതിയിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.

വലിയ സംഖ്യ
ചെറിയ സംഖ്യ * 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ. വലിയ സംഖ്യ ചെറിയസംഖ്യ തിരിച്ചറിയൽ

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
## ക്ലാസ് 2

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ:- GLPS പുത്തൻപീടിക
ക്ലാസ് : 2A
അധ്യാപികയുടെ പേര്:- സൗമ്യ. പി.എം
ഉപജില്ല :- തൃശൂർ വെസ്റ്റ്
ജില്ല :- തൃശൂർ.

## ഉള്ളടക്കം

1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാള മധുരം
4. സംയുക്ത ഡയറി
5. പാട്ടരങ്ങ്
6. സചിത്ര പുസ്തകം
7. റീഡേഴ്സ് തിയേറ്റർ
8. നാടുവിശേഷം കൂട്ടെഴുത്ത്
9. രചനോത്സവം
10. വായനോത്സവം
12. ഭാഷോത്സവം
13. ഗണിത കേളികൾ
14. ഗണിത കിറ്റ്
15. പരീക്ഷണങ്ങൾ
16. ലഘു പ്രോജക്റ്റ്

16. പരീക്ഷണ കിറ്റ്
17. രക്ഷിതാക്കൾക്ക് ശിൽപ്പശാല
18. വിജയസ്പർശം
19. പാനീയമേള
20. ഭക്ഷ്യമേള
21. പലഹാരമേള
22. ക്ലാസ് പത്രം.

## പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1. | പ്രവർത്തനകലണ്ടർ | മെയ് |
| 2. | മലയാള മധുരം | ജൂൺ - മാർച്ച് |
| 3 | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 5. | സചിത്രപുസ്തകം | ജൂൺ - മാർച്ച് |
| 6. | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 7. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ - മാർച്ച് |
| 8. | രചനോത്സവം | ജൂലൈ - ഫെബ്രുവരി |
| 9. | വായനോത്സവം | ജൂൺ - മാർച്ച് |
| 10. | ഭാഷോത്സവം | ജനുവരി |
| 11. | ഗണിതകേളികൾ | ജൂൺ - മാർച്ച് |
| 12. | ഗണിത കിറ്റ് | ജൂൺ - മാർച്ച് |
| 13. | പരീക്ഷണങ്ങൾ | ഓരോ മാസവും ഓരോന്ന് |
| 14. | ലഘുപ്രോജക്ട് | ,, ,, |
| 15. | പരീക്ഷണക്കിറ്റ് | ജൂൺ - മാർച്ച് |
| 16. | രക്ഷിതാക്കൾക്ക് ശിൽപശാല | ജൂൺ |
| 17. | വിജയസ്പർശം | ജൂൺ - മാർച്ച് |
| 18. | പാനീയമേള | ഡിസംബർ |
| 19. | ഭക്ഷ്യമേള പലഹാരമേള | ഡിസംബർ |
| 20. | ക്ലാസ്പത്രം | ഫെബ്രുവരി. |

കുട്ടിയും രക്ഷിതാവും ചേർന്ന വായന - ജൂലൈ
വായനോത്സവം - ഓരോ മാസവും കുട്ടികളുടെ
രചനകൾ ഉൾപ്പെടുത്തുന്നു.
പുസ്തക പ്രകാശനം - ജനുവരി.
ചുമതലകൾ:- ക്ലാസ് ടീച്ചർ, രക്ഷിതാവ്.

## സംയുക്ത ഡയറി

ലക്ഷ്യപ്രസ്താവനകൾ:- സ്വന്തം അനുഭവങ്ങൾ
ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പി
ക്കാനുള്ള ശേഷി നേടുന്നു.
സ്വതന്ത്ര രചന നടത്തുന്നതിന്.
ഭാഷാശേഷി വികസിപ്പിക്കുന്നതിന്.
പ്രവർത്തനഘട്ടങ്ങൾ:
SRGയിൽ മികച്ച അവതരണം - ജൂൺ ആദ്യവാരം
CPTA യിൽ ഡയറി പരിചയപ്പെടുത്തൽ - രക്ഷിതാവിന്റെ
പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാംവാരം.
എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടു
ത്തുന്നു - ജൂലൈ
ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
കുട്ടികളുടെ ഡയറിക്കുറിപ്പുകൾ ക്ലാസിൽ
പങ്കുവെക്കുന്നു.
സംയുക്ത ഡയറി പ്രകാശനം (ജനുവരി)
ചുമതല - ക്ലാസ് ടീച്ചർ, രക്ഷിതാവ്.

## പരീക്ഷണ കിറ്റ്

ലക്ഷ്യപ്രസ്താവനകൾ:- എല്ലാ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിന്. വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു. ശാസ്ത്രപഠനത്തിൽ ആത്മവിശ്വാസം വളർത്തുക.

പ്രവർത്തനങ്ങൾ:- എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു. പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഒരോരുത്തരും ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്.

ചുമതല - class teacher, SRG, PTA.

## രക്ഷിതാക്കൾക്ക് ശിൽപശാല

ലക്ഷ്യപ്രസ്താവന:- പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക. പാഠഭാഗങ്ങളും പാഠവസ്തുതകളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

പ്രവർത്തനങ്ങൾ:- പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി, സചിത്ര പുസ്തകം, ഗണിത കിറ്റ്, ശാസ്ത്ര കിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധം ഉണ്ടാക്കുന്നു.

# English

Aims

The primary aims of teaching English in 2nd standard focus on building a strong foundation in the English language, including listening, speaking, reading and writing skills. Students should be able to understand spoken English, pronounce words correctly, read and write simple words and sentences, and express themselves in short sentences. They should also develop an appreciation for the language and begin to build vocabulary.

The learners

* listen to narratives and teacher talks and understand them.
* comprehend and enjoy simple stories and songs.
* respond to teacher talks and interactions in the target language.
* describe events and objects orally. using action verbs and words.
* describe familiar objects, animals and birds household things etc.
* read and comprehend simple stories, songs and conversational pieces.
* read and enjoy the supplementary stories themselves.
* write descriptions, thoughts and dialogues related to specific contexts using structured expressions
* add their own lines to a given song by substituting phrases or lines.

# ക്ലാസ്സ് 3

# അക്കാദമിക മാസ്റ്റർ പ്ലാൻ

ജി. എൽ. പി. എസ് പുത്തൻചിറ

2025-2026

## ആമുഖം

കുട്ടികളുടെ സമഗ്രവികാസമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്. ഇതിലൂടെ ക്ലാസിലെ മുഴുവൻ കുട്ടികളെ മിടുക്കരാക്കി തീർക്കുന്നതിന് സാധിക്കും.

## ലക്ഷ്യങ്ങൾ

* ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരമായി, ഗണിത ശേഷികൾ ഉറപ്പിക്കുക.
* മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന-

പരിഹരണശേഷിയുള്ളവരാക്കി മാറ്റുക.

* കലാകായിക പ്രവൃത്തിപരിചയ പഠനാശയങ്ങൾ മറ്റുവിഷയങ്ങളുമായി ഉൾ-ച്ചേർത്ത് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* മലയാളത്തിലും ഇംഗ്ലീഷിലും മറ്റു-വർ കുട്ടികൾക്കും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
* സർഗാത്മകരംഗങ്ങളിലും ആരോഗ്യ-കായിക ക്ഷമത ഉറപ്പാക്കുന്നതിനും അവതരിപ്പി-ക്കുന്നതിനും കഴിവുള്ളവരാക്കുക.
* പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാ-വം വളർത്തുക.
* ആത്മവിശ്വാസത്തോടെ മാതൃസദസ്സുകളെ ഉറപ്പായി അഭിമുഖീകരിക്കുക.
* ലിംഗസമത്വം, തുല്യസമത്വം, തുല്യനീതി ഉറപ്പുവരുത്തുക.

ക്ലാസ്: IV

## Aim

To speak, read and write English without any mistakes.

## Time

June to March.

## Learning outcomes

* Describes the pictures
* Arranges word in alphabetical order
* Add more exchanges to the conversation suitable to the context
* Identifies rhyming words from the poem
* Adds lines to a poem following a set pattern
* Reads and understands the given stories and poems
* Make simple riddles
* Undertakes simple project work given

## June

→ Pre-test

* To develop listening skills and reading skills firs

Slow learners
Gives opportunity to express their idea in Malayalam.

## July to September

Listening - rhyming words

* plays the audio of the song
* Let the learner sing after the audio
* Discussion
* Identifies rhyming words

## July to December

Listening - Add more lines

* plays the audio of the song
* Let the learner sing after the audio

Writing

* Add line to the poem

## July to March

Reading and speaking

Introducing a dictionary, Given words, Reading the conversation, Conversation is acting with friends

Writing

Arranging words in alphabetical order, Add

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പിന്നോക്കക്കാരെ പ്രത്യേകം പരിശീലിപ്പിക്കൽ | ഒരു വർഷം | SRG<br>ക്ലാസ് ടീച്ചർ | PTA |
| വായനാശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി വായനാക്കൂട്ടം, രചനാക്കുറിപ്പ് | ഒരു വർഷം | CPTA | PTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | രചനാക്കുറിപ്പ് സംയുക്തഡയറി | ഒരു വർഷം | CPTA | PTA |
| എഴുത്തുകാരെ പരിചയപ്പെടൽ | അഭിമുഖം സംവാദം, ക്വിസ് ഡോക്യുമെന്ററി, പതിപ്പ് നിർമ്മാണം. | ഒരു വർഷം | CPTA | PTA |
| കലക്കൂട്ട് കലകളെ പരിചയപ്പെടൽ | കലാവതരണം, പ്രദർശനം, | ഒരു വർഷം | CPTA | PTA |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം | ഫീൽഡ് ട്രിപ്പ് | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര മൂല ഒരുക്കൽ, പരീക്ഷണം ചെയ്യൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| ഭൂപടവായന | ഭൂപട രചന | വർഷത്തിൽ 5 തവണ | SRG<br>CPTA | PTA |
| ശാസ്ത്ര ചുമർ ശാസ്ത്രം രസകരമാക്കൽ | ശാസ്ത്രവുമായി ബന്ധപ്പെട്ട ചിത്രം, വാർത്ത എന്നിവ പ്രദർശിപ്പിക്കൽ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| ശാസ്ത്ര മാസിക അറിവുകളെ പ്രയോഗിക്കൽ, ചിന്തൽ | മാസിക നിർമാണം | വർഷത്തിൽ ഒന്ന് | SRG<br>Class teacher | PTA<br>SSA |
| ശാസ്ത്രോത്സവം | ബാലസഭ, പ്രദർശനം | വർഷത്തിൽ ഒന്ന് | SRG<br>Class teacher | PTA<br>SSA |

## ലക്ഷ്യങ്ങൾ

* ഗണിതപഠനം രസകരമാക്കൽ (ചെറുപ്പ് ക്രിയകൾ ലളിതമാക്കൽ)
* ഗണിതശാസ്ത്രപഠനം - കരചലനശേഷി വികാസം
* ഗണിതപഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ
* ഗണിതരൂപങ്ങളുടെ പ്രയോഗികമൂല്യം തിരിച്ചറിയൽ
* പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ
* ഗണിതശേഷികളുടെ പ്രകടനം.

**സമയം:** ജൂൺ മുതൽ മാർച്ച് വരെ

## ജൂൺ

**മുന്നറിവ്:** സംഖ്യകൾ എഴുതിയ നുക്ക് കുട്ടികൾക്ക് നൽകുന്നു. കിട്ടിയ സംഖ്യ കുട്ടികൾ വായിക്കുന്നു. മറ്റുള്ളവർ സംഖ്യ എഴുതുന്നു. അബാക്കസിൽ സ്ഥാനവിലക്കനുസരിച്ച് ചിത്രീകരിക്കുന്നു.

* ചുറ്റുപാടും വിവിധങ്ങളായ രൂപങ്ങളുണ്ട്. അവയിൽ നിന്നും ചതുരം, സമചതുരം, ത്രികോണം, വൃത്തം എന്നീ ആകൃതിയിലുള്ള രൂപങ്ങൾ തിരിച്ചറിയുന്നു.

* ചുറ്റുപാടുമുള്ള വിവിധ രൂപങ്ങളിൽ നിന്ന് ചതുരം, സമചതുരം തിരിച്ചറിയുന്നു

* ചതുരം, സമചതുരം എന്നീ രൂപങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു. അവയുടെ വശങ്ങൾ, മൂലകൾ എന്നിവ തിരിച്ചറിയുന്നു.

* നാലക്കസംഖ്യകളെ അബാക്കസിൽ ചിത്രീകരിക്കുന്നു.
* ഏറ്റവും വലിയ നാലക്കസംഖ്യ കണ്ടെത്തി സംഖ്യയിലും, അക്ഷരത്തിലുമെഴുതുന്നു.
* നാലക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

## ജൂലൈ - ആഗസ്റ്റ്

* ഒന്നുകളും, പത്തുകളും, നൂറുകളും, ആയിരങ്ങളും ചേർത്ത് നാലക്കസംഖ്യ രൂപീകരിക്കുന്നു.
* മൂന്നക്കസംഖ്യകളെയും, നാലക്കസംഖ്യകളെയും വലുപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു.
* റോമൻ അക്കങ്ങൾ തിരിച്ചറിയുന്നു.
* അക്കങ്ങളുടെ തുക 10 വരുന്ന നാലക്കസംഖ്യകൾ എഴുതുന്നു.
* 2, 3, 4 അക്കങ്ങളുപയോഗിച്ച് നാലക്കസംഖ്യകൾ രൂപീകരിക്കുന്നു.
* നാലക്കസംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.
* സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തി പാറ്റേൺ പൂർത്തിയാക്കുന്നു.
* നാലക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

## ആഗസ്റ്റ് - സെപ്റ്റംബർ

* രണ്ട് നാലക്കസംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിന് വ്യത്യസ്ത രീതികളുണ്ടെന്ന് തിരിച്ചറിയുന്നു.
* സന്ദർഭാനുസരണം നാലക്കസംഖ്യകളെ സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ചെയ്യുന്നു.
* പ്രായോഗികപ്രശ്നങ്ങൾ വിശകലനം ചെയ്ത് സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യുന്നു.

* നിത്യജീവിതത്തിൽ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബന്ധപ്പെട്ട വ്യവകലനക്രിയ ഉപയോഗപ്പെടുത്തുന്നു.
* മൂന്നക്കസംഖ്യകളുടെ വ്യവകലനക്രിയ ഉൾപ്പെടുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു അപഗ്രഥിക്കുന്നു നിഗമനങ്ങൾ രൂപീകരിക്കുന്നു നിർധാരണം ചെയ്യുന്നു
* നാലക്കസംഖ്യകളുടെ വ്യവകലനക്രിയ ചെയ്യുന്നതിന് വ്യത്യസ്ത വഴികളുണ്ടെന്ന് തിരിച്ചറിയുന്നു.
* നാലക്കസംഖ്യകളെ സ്ഥാനവിലക്കനുസരിച്ച് പിരിച്ചെഴുതി വ്യവകലനക്രിയ ചെയ്യുന്നു.

## നവംബർ

* നിത്യജീവിതത്തിൽ വിവിധ ആവശ്യങ്ങൾക്കായി ഗുണനക്രിയ ഉപയോഗിക്കുന്നു എന്ന് മനസിലാക്കുന്നു.
* ഗുണനക്രിയകൾ ഉൾക്കൊള്ളുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. നിഗമനങ്ങൾ രൂപീകരിക്കുന്നു.
* ഗുണനക്രിയകളിൽ സംഖ്യകളുടെ ക്രമം മാറിയാലും ഗുണനഫലത്തിൽ മാറ്റമില്ല എന്ന് തിരിച്ചറിയുന്നു.
* രണ്ടക്കസംഖ്യയെ ഒറ്റക്കസംഖ്യ കൊണ്ട് ഗുണിക്കുന്ന നിത്യജീവിതസന്ദർഭങ്ങൾ വിശകലനം ചെയ്ത് പ്രശ്നപരിഹാരണം നടത്തുന്നു. ക്രിയാഫലം മനക്കണക്കായി പറയുന്നു.
* ഒരു സംഖ്യയെ 10, 100, 1000 കൊണ്ട് ഗുണിക്കേണ്ടി വരുന്ന സന്ദർഭങ്ങൾ ഉപയോഗിക്കുന്നതിനുള്ള എളുപ്പവഴികൾ കണ്ടെത്തുന്നു.

* സംഖ്യാബന്ധങ്ങളും ഗുണനബന്ധങ്ങളും കണ്ടെത്തി നിഗമനങ്ങൾ രൂപീകരിക്കുന്നു.
* ഒന്നുമുതൽ തുടർച്ചയായ ഒറ്റസംഖ്യകളുടെയും, ഇരട്ട സംഖ്യകളുടെയും തുക കണ്ടെത്തി പട്ടികപ്പെടുത്തി വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുന്നു.

## ഡിസംബർ

* നിത്യജീവിതത്തിന്റെ ഭാഗമായും, കളികളുടെ ഭാഗമായും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നീളവുമായി ബന്ധപ്പെട്ട് ഏകകങ്ങൾ, അളവുകൾ എന്നിവ കൃത്യതയോടെ ഉപയോഗിക്കുന്നു.
* നീളത്തിന്റെ ഏകകങ്ങളാണ് മില്ലീമീറ്റർ, സെന്റിമീറ്റർ, മീറ്റർ, കിലോമീറ്റർ എന്നിവ
* നീളം അളക്കുന്നതിന് അംഗീകൃതമായ ഉപകരണങ്ങളുണ്ട്

## ജനുവരി

* നിത്യജീവിതത്തിലെ പ്രായോഗികപ്രശ്നങ്ങൾ ഹരണക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യുന്നു.
* ആവർത്തനവ്യവകലനത്തിലൂടെ ഹരണക്രിയ ചെയ്യുന്നു
* ഗുണനത്തെ ഗുണം കൊണ്ട് ഹരിക്കുന്നു.
* ഒരു സംഖ്യയെ 1 കൊണ്ട് ഹരിച്ചാൽ അതേ സംഖ്യ കിട്ടുമെന്നും, ഒരു സംഖ്യയെ അതേ സംഖ്യ കൊണ്ട് ഹരിച്ചാൽ 1 കിട്ടുമെന്നും തിരിച്ചറിയുന്നു.

## ഫെബ്രുവരി

* ഭാരം, ഉള്ളളവ് എന്നിവയുമായി ബന്ധപ്പെട്ട ഏകകങ്ങൾ, അളവുകൾ കൃത്യതയോടെ ഉപയോഗിക്കുന്നു.

* ഉള്ളളവിന്റെ അളവുകളായ ലിറ്റർ, മില്ലിലിറ്റർ, ഭാരത്തിന്റെ അളവുകളായ ഗ്രാം, കിലോഗ്രാം എന്നിവ തുല്യതയോടെയും, സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യുന്നു.
* ടൺ, ക്വിന്റൽ എന്നിവ വലിയ ഭാരങ്ങൾ അളക്കുന്നതിനുള്ള ഏകകങ്ങളാണെന്ന് തിരിച്ചറിയുന്നു.
* പ്രായോഗിക പ്രശ്നം നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നു

## മാർച്ച്

* നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. പിക്ടോഗ്രാം രൂപത്തിൽ നൽകിയ വിവരങ്ങൾ വിശകലനം ചെയ്യുന്നു. അപഗ്രഥിക്കുന്നു. നിഗമനങ്ങളിൽ എത്തിച്ചേരുന്നു.

നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾക്കായി വിവരങ്ങൾ ശേഖരിക്കുന്നു. പട്ടികപ്പെടുത്തുന്നു. ചിത്രീകരിക്കുന്നു

## പ്രവർത്തനങ്ങൾ

വിവിധ തരം കളികൾ, ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം-വ്യവകലനം, കച്ചവടക്കളി, ഒറിഗമി, രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം, ഗണിതച്ചുമർ, പഠനോപകരണങ്ങൾ-പഠനോപകരണ ശില്പശാല, പഠനോപകരണങ്ങളുടെ നിർമ്മാണം-പ്രദർശനം, ഗണിതമേള, പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം, ടാൻഗ്രാം നിർമ്മാണം, ക്യൂബ് നിർമ്മാണം, ക്ലോക്ക് നോക്കി സമയം പറയൽ, കലണ്ടർ പ്രവർത്തനം, തൂക്കക്കട്ടികളുടെ പ്രാധാന്യം, അളക്കൽ